# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 750** **29.10.2019 -ൽ മറുപടിയ്ക്ക്**

### മലബാർ റിവർ ക്രൂയിസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.കൃഷ്ണൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | എ) | മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിവരങ്ങൾ.<br><br>കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച 14 പദ്ധതികളിൽ 9 പദ്ധതികളുടെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു<br>3 പദ്ധതികളുടെ പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു<br>2 പദ്ധതികളുടെ ടെണ്ടർ നടപടി പുരോഗമിക്കുന്നു<br>സ്ഥല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി പഞ്ചായത്ത് നഗരസഭ പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകുകയും CRZ clearance ലഭ്യമാകുന്നത് വരെ നിർമ്മാണ പ്രവർത്തി ആരംഭിക്കാത്ത പദ്ധതികൾ നിർത്തിവയ്ക്കാൻ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി അനുവദിച്ച ബോട്ട്ജെട്ടിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഓരോന്നിന്റെയും നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ? | ബി) | അനുവദിച്ച ഓരോ ജെട്ടി/ ടെർമിനലുകളുടെയും നിർമ്മാണ പ്രവർത്തികളുടെ നിലവിലെ അവസ്ഥഎന്നിവ ചുവടെ ചേർക്കുന്നു.<br>പയ്യന്നൂർ നിയോജക മണ്ഡലം<br>1. പുന്നക്കടവ് ബോട്ട് ജെട്ടി - 60% പൂർത്തീകരിച്ചു<br>2. മുക്കുവച്ചേരി ബോട്ട് ടെർമിനൽ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു<br>ധർമ്മടം നിയോജക മണ്ഡലം<br>3. പാറപ്രം ബോട്ട് ടെർമിനൽ - 15% പൂർത്തീകരിച്ചു<br>4. ചേരിക്കൽ ബോട്ട് ടെർമിനൽ -10% പൂർത്തീകരിച്ചു |

5. ധർമ്മടം ബോട്ട് ടെർമിനൽ - 55% പൂർത്തീകരിച്ചു
6. ചാമ്പാട് ബോട്ട് ജെട്ടി - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു

തളിപ്പറമ്പ് നിയോജക മണ്ഡലം

7. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - 75% പൂർത്തീകരിച്ചു

കല്ല്യാശ്ശേരി നിയോജക മണ്ഡലം

8. പഴയങ്ങാടി ബോട്ട് ടെർമിനൽ - 95% പൂർത്തീകരിച്ചു

കൂത്തുപറമ്പ് നിയോജക മണ്ഡലം

9. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു
10. മോന്താൽ ബോട്ട് ജെട്ടി - 10% പൂർത്തീകരിച്ചു
11. കരിയാട് ബോട്ട് ടെർമിനൽ - നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു

തലശ്ശേരി നിയോജക മണ്ഡലം

12. പാത്തിക്കൽ ബോട്ട് ജെട്ടി - നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു
13. കക്കടവ് ബോട്ട് ജെട്ടി & വാക്ക് വേ - 40% പൂർത്തീകരിച്ചു
14. ബോട്ട് ജെട്ടി & വാക്ക് വേ അറ്റ് ന്യൂ മാഹി - 60% പൂർത്തീകരിച്ചു

സെക്ഷൻ ഓഫീസർ